# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 777 — 12.12.2012-ൽ മറുപടിക്ക്

### ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിലേക്ക് (എൻ.ആർ.എച്ച്.എം.) സംസ്ഥാന വിഹിതം നൽകാത്തതിനാൽ നടപ്പുവർഷം എത്ര കോടി രൂപയുടെ കേന്ദ്ര ഫണ്ടാണ് തടഞ്ഞുവച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) തടഞ്ഞു വച്ചിട്ടില്ല |
| (ബി) ഫണ്ട് കിട്ടാത്തതു കാരണം 'ആശ' വർക്കർമാർക്കും, ആശുപത്രികളിലെ ദിവസ വേതനക്കാർക്കും ശമ്പളം കൊടുക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നൽകേണ്ട 'ആശ' വർക്കർമാരുടെയും, ആശുപത്രികളിലെ ദിവസവേതനക്കാർക്കുമുള്ള വേതനം മുടങ്ങിയിട്ടില്ല. |
| (സി) എൻ.ആർ.എച്ച്.എം.മുഖേന എത്ര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ചെലവഴിക്കേണ്ടത് ; അതിൽ സംസ്ഥാന വിഹിതം എത്ര ; ആദ്യ ഗഡുവായി എത്ര കോടി രൂപയാണ് സംസ്ഥാനം നൽകേണ്ടത് ; വിശദമാക്കുമോ ; | (സി) എൻ.ആർ.എച്ച്.എം. പദ്ധതികൾക്കായി 563.28 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ചെലവഴിക്കേണ്ടത്. ഇതിൽ സംസ്ഥാന വിഹിതം 126.41 കോടി രൂപയാണ്.വ്യവസ്ഥപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകളുടെ അനുപാതത്തിൽ ആണ് സംസ്ഥാന വിഹിതം നൽകേണ്ടത്. നാളിതുവരെ (30.11.2012) 74.06 കോടി രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്. |
| (ഡി) ആരോഗ്യമേഖലയിൽ എൻ.ആർ.എച്ച്.എം മുഖേന നടപ്പാക്കേണ്ട പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; | (ഡി) ആരോഗ്യ മേഖലയിൽ എൻ.ആർ.എച്ച്.എം. പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം 563.28 കോടി രൂപ കേന്ദ്രം വകയിരുത്തിയിട്ടുണ്ട്. |
| (ഇ) എൻ.ആർ.എച്ച്.എം. ഫണ്ട് മുഖേന നടപ്പിലാക്കി വരുന്ന ആരോഗ്യ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ